കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ മൊബിലിറ്റി ഹബിന്റെ സാദ്ധ്യതാ പഠനത്തിന് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:1422/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 23/05/2012**

---

**പരാമർശം:- 21/3/12-ൽ ബഹു.വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ.**

**<u>ഉത്തരവ്</u>**

തൃശ്ശൂർ നഗരത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനായി കൊച്ചി മൊബിലിറ്റി ഹബിന്റെ മാതൃകയിൽ ഒരു മൊബിലിറ്റി ഹബ് തൃശ്ശൂർ പുഴയ്ക്കൽ പാടത്ത് വ്യവസായ വകുപ്പിന്റെയും കിൻഫ്രയുടെയും കൈവശമുള്ള സ്ഥലത്ത് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സ്ഥലം എം.എൽ.എ ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ പരാമർശം യോഗത്തിൽ വിശദമായി പ്രതിപാദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്ത് നോളജ് പാർക്ക് [Knowledge Park] കെട്ടിട സമുച്ചയം ഉണ്ടാക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് ചർച്ച നടത്തുകയും ആയതിന് സാദ്ധ്യതാ പഠനം നടത്തുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി ഉണ്ടാക്കുന്നതാണെന്നും കമ്മിറ്റിയിൽ വൈറ്റില മൊബിലിറ്റി ഹബ് മാനേജിംഗ് ഡയറക്ടർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ, കിറ്റ്കോ മാനേജിംഗ് ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളുമായിരിക്കുമെന്നും തീരുമാനിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി വൈറ്റില മൊബിലിറ്റി ഹബിന്റെ മാതൃകയിൽ ഒരു മൊബിലിറ്റി ഹബ് സ്ഥാപിക്കുന്നതിനായി സാദ്ധ്യതാപഠനം നടത്തുന്നതിന് തൃശ്ശൂർ ജില്ലാകളക്ടർ അദ്ധ്യക്ഷനായും വൈറ്റില മൊബിലിറ്റി ഹബ് മാനേജിംഗ് ഡയറക്ടർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ, കിറ്റ്കോ മാനേജിംഗ് ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത കമ്മിറ്റി 2 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ജെയിംസ് വർഗ്ഗീസ്

ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാകളക്ടർ, തൃശ്ശൂർ

മാനേജിംഗ് ഡയറക്ടർ, വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി, എറണാകുളം

മാനേജിംഗ് ഡയറക്ടർ, കിറ്റ്കോ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

അഡീഷണൽ ഡയറക്ടർ, വ്യവസായ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്.